# 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2203** **03-03-2025 - ൽ മറുപടിയ്ക്ക്**

## റേഷൻകാർഡിൽ പേര് നിലനിർത്താൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻകാർഡ് മസ്റ്ററിങ്ങിനോടനുബന്ധിച്ച് കിടപ്പുരോഗികൾ, അംഗപരിമിതർ, 10 വയസിന് താഴെയുള്ള കുട്ടികൾ എന്നിവരെ ഫീൽഡുതല അന്വേഷണം നടത്തി റേഷൻകാർഡിൽ പേര് നിലനിർത്തുന്നതിന് വകുപ്പ് തലത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | കിടപ്പ് രോഗികളുടെയും അംഗപരിമിതരുടെയും അടുക്കൽ നേരിട്ടെത്തി റേഷൻ വ്യാപാരികളുടെ സഹായത്തോടെ e-KYC അപ്ഡേഷൻ നടത്തുന്നതിന് എല്ലാ താലൂക്ക് സപ്ലൈ ഓഫീസർമാർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. പത്ത് വയസ്സിൽ താഴെയുള്ള കുട്ടികളുടെ e-KYC അപ്ഡേഷൻ സംബന്ധിച്ച വിഷയം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. ഇ-പോസ് മെഷീൻ, ഐറിസ് സ്കാനർ എന്നിവ ഉപയോഗിച്ച് അപ്ഡേഷൻ നടത്താൻ സാധിക്കാത്തവർക്ക് NIC വികസിപ്പിച്ച "മേരാ KYC" എന്ന Face App ഉപയോഗിച്ച് മൊബൈൽ ഫോൺ മുഖാന്തിരം അപ്ഡേഷൻ നടത്തുന്നതിന് സാധിക്കുന്നതാണ്. അർഹരായ മുഴുവൻ ഗുണഭോക്താക്കളെയും മസ്റ്ററിംഗിനു വിധേയമാക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരം വിഭാഗങ്ങളിൽ ഉൾപ്പെടുന്നവർ റേഷൻകാർഡിൽ നിന്നും ഒഴിവാക്കപ്പെടാതിരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | കിടപ്പ് രോഗികളുടെയും അംഗപരിമിതരുടെയും അടുക്കൽ നേരിട്ടെത്തി റേഷൻ വ്യാപാരികളുടെ സഹായത്തോടെ e-KYC അപ്ഡേഷൻ നടത്തുന്നതിന് എല്ലാ താലൂക്ക് സപ്ലൈ ഓഫീസർമാർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. പത്ത് വയസ്സിൽ താഴെയുള്ള കുട്ടികളുടെ e-KYC അപ്ഡേഷൻ സംബന്ധിച്ച വിഷയം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. ഇ-പോസ് മെഷീൻ, ഐറിസ് സ്കാനർ എന്നിവ ഉപയോഗിച്ച് അപ്ഡേഷൻ നടത്താൻ സാധിക്കാത്തവർക്ക് NIC വികസിപ്പിച്ച "മേരാ KYC" എന്ന Face App ഉപയോഗിച്ച് മൊബൈൽ ഫോൺ മുഖാന്തിരം അപ്ഡേഷൻ നടത്തുന്നതിന് സാധിക്കുന്നതാണ്. അർഹരായ മുഴുവൻ ഗുണഭോക്താക്കളെയും മസ്റ്ററിംഗിനു വിധേയമാക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ